റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ബി) രണ്ടു താലൂക്കുകൾ. കാസർഗോഡും ഹോസ്ദുർഗ്ഗും.

(സി), (ഡി) പുതിയതായി താലൂക്കുകൾ രൂപികരിക്കുവാൻ തീരുമാനിക്കുമ്പോൾ പരിഗണിക്കുന്നതാണ്.

പുറമ്പോക്ക് ഭൂമികളിൽ താമസിക്കുന്നവർ

* 316. (375) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :

ശ്രീ. കെ. വി. സുരേന്ദ്രനാഥ് :

ഡോക്ടർ എ. സുബ്ബറാവു :

ശ്രീ. എം. കെ. കേശവൻ :

,, പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആവാസയോഗ്യമല്ലാത്തതും റെയിൽവേ റോഡ്, നദി എന്നിവകളുടെ പുറമ്പോക്കുകളിൽപ്പെടുന്നതുമായ ഭൂമിയിൽ താമസിക്കുന്നവരെ പുനഃരധിവസിപ്പിക്കാൻ ഈ ഗവൺമെൻറിന് എന്തെങ്കിലും പരിപാടിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് വിശദീകരിക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ), (ബി), ഗ്രാമപ്രദേശത്തെ സംബന്ധിച്ചിടത്തോളം ഹൗസ് സൈറ്റ് വിതരണം ചെയ്യുമ്പോൾ സ്വന്തംഭൂമിയില്ലാത്തവർക്ക് മുൻഗണന നൽകുന്നുണ്ട്. മുനിസിപ്പാലിറ്റികളിൽ ചേരി നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായി പുനരധിവാസ പദ്ധതി നടപ്പാക്കുന്നുണ്ട്.

തൊണ്ടിന്റെ കുത്തകസംഭരണവും വിതരണവും

*317 [376] ശ്രീ. വി. കേശവൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

തൊണ്ടിന്റെ കുത്തകസംഭരണവും വിതരണവും ഒരു പൊതു ഏജൻസി സ്ഥാപിച്ച് ഏറ്റെടുത്ത് തൊഴിലാളികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ മേഖലയ്ക്ക് ഒരേ വിലയ്ക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

തൊണ്ടിന്റെ സംഭരണവും വിതരണവും പൊതു ഏജൻസി മുഖാന്തിരം നടപ്പിലാക്കുന്നത് പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly